**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2421** **17-03-2022 - ൽ മറുപടിയ്ക്ക്**

**സർഫാസി നിയമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സർഫാസി നിയമം വന്നതിന് ശേഷം സാധാരണക്കാർക്ക് സിബിൽ സ്കോർ ലഭിക്കാതെ ലോണുകൾ നേടാനാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ? | (എ) | സിബിൽ സ്കോർ എന്നത് ഒരു വ്യക്തിയുടെയും സ്ഥാപനത്തിന്റെയും തിരിച്ചടവ് സ്വഭാവവുമായി ബന്ധപ്പെട്ടിരിക്കുന്നു. മുൻകാല വായ്പാ തിരിച്ചടവ്, വായ്പകൾ കിട്ടാക്കടമാകുക എന്നിവ സിബിൽ സ്കോറിനെ ബാധിക്കുന്ന ഘടകങ്ങളാണ്. വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും വായ്പാക്ഷമതയനുസരിച്ചാണ് സിബിൽ സ്കോർ നിർണ്ണയിക്കുന്നത്. വായ്പാതിരിച്ചടവ് മുടങ്ങിയതിലൂടെ സിബിൽ സ്കോറിൽ കുറവു വരികയും എന്നാൽ പിന്നീട് കുടിശ്ശികകൾ എല്ലാം കൃത്യമായി അടച്ചു തീർത്തിട്ടും സിബിൽ സ്കോറിൽ മാറ്റം വരുന്നില്ലെന്നും തന്മൂലം വായ്പ ലഭ്യമാകുന്നില്ലെന്നുമുള്ള പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുള്ളതും ആയത് എസ്.എൽ.ബി.സി മുഖേന പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ ബാങ്കുകൾ കൈക്കൊള്ളുന്ന നിയമ നടപടികൾ മൂലം സംസ്ഥാനത്തെ ജനങ്ങൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബുദ്ധിമുട്ടുകളും ആശങ്കകളും ശ്രദ്ധയിൽപ്പെട്ടതിനെതുടർന്ന് പ്രസ്തുത സ്ഥിതിവിശേഷം സംബന്ധിച്ച് പഠനം നടത്തി ശുപാർശകൾ സമർപ്പിക്കുന്നതിനായി ശ്രീ.എസ്.ശർമ്മ എം.എൽ.എ ചെയർമാനായി രൂപീകരിക്കപ്പെട്ട കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പ്രകാരം സർഫാസി ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാളിതുവരെയും ഇക്കാര്യത്തിൽ ഒരു അനുകൂല തീരുമാനവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ